LIBRARY ARCHIVES Kerala Legislative Assembly

ചാലിയാർ ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം

37 [1015] ശ്രീ. ഇസഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയാർ ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം എപ്പോൾ തുടങ്ങുമെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ചാലിയാർ പദ്ധതി പല ചെറുകിട പദ്ധതികളാക്കിമാറ്റാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ പര്യവേക്ഷണ ജോലികൾ നടന്നുവരുന്നു.

(സി) വിശദമായ പര്യവേക്ഷണ ജോലികൾ പൂർത്തിയാക്കുകയും ആവശ്യമായ ഫണ്ട് ലഭിക്കുകയും ചെയ്യുന്നതനുസരിച്ച് പദ്ധതിയുടെ പണി ആരംഭിക്കുവാൻ സാധിക്കും. പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് ഇപ്പോൾ വ്യക്തമായി പറയുവാൻ കഴിയുകയില്ല.

സംസ്ഥാനത്തെ നദീജലം കടത്തുന്നതിനെതിരെ നടപടി

38 [1016] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം നദികളിലെ ജലമാണ് അന്യസംസ്ഥാനങ്ങൾ കടത്തികൊണ്ടു പോകുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം നദികളിലെ ജലമാണ് സർക്കാർ കരാർ പ്രകാരം കൊണ്ടു പോകുന്നതെന്നും പ്രതിവർഷം അത് എത്രയാണെന്നും വെളിപ്പെടുത്താമോ;

(സി) സർക്കാരിന്റെ അനുമതിയില്ലാതെ അന്യസംസ്ഥാനത്തേക്ക് ജലം കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം നദിയിൽ നിന്നാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതു തടയാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്തെ നദികളിൽ നിന്നും അന്യസംസ്ഥാനങ്ങൾ ജലം കടത്തി കൊണ്ടുപോകുന്നില്ല.

(ബി) 1886-ലെ പെരിയാർ പാട്ടക്കരാർ പ്രകാരം ഏകദേശം 22 ടിഎംസി അടി ജലം വർഷംതോറും മുല്ലപ്പെരിയാറിൽ നിന്ന് തമിഴ്നാട് കൊണ്ടുപോകുന്നുണ്ട്. 1970-ൽ നിലവിൽ വന്ന പറമ്പിക്കുളം-ആളിയാർ നദീജല കരാർ പ്രകാരം പെരിയാറിന്റെ പോഷക

നദിയായ നീരാറിൽ നിന്നും ചാലക്കുടിപ്പുഴയുടെ പോഷക നദിയായ ഷോളയാർ, പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം എന്നീ ആറുകളിൽ നിന്നും ഭാരതപ്പുഴയുടെ പോഷക നദികളായ പാലാർ, ആളിയാർ എന്നിവയിൽ നിന്നുമാണ് തമിഴ്നാട് വെള്ളം കൊണ്ടുപോകുന്നത്. പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ നിന്നും 30.5 ടി.എം.സി. അടി ജലമാണ് പ്രതിവർഷം തമിഴ്നാടിന് കൊണ്ടുപോകാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. 1973-ലെ ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം ഭവാനി നദിയുടെ പോഷക നദിയായ ശിരുവാണിയിൽ നിന്ന് പ്രതിവർഷം 1.3 ടി.എം.സി. അടി ജലം തമിഴ്നാട്ടിലെ കോയമ്പത്തൂർ മുനിസിപ്പൽ ടൗണിലെയും തൊട്ടടുത്തുള്ള സ്ഥലങ്ങളിലെയും കുടിവെള്ള ആവശ്യങ്ങൾക്കുവേണ്ടി തമിഴ്നാട് കൊണ്ടുപോകുന്നുണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

നദികൾ കടലിനോട് ചേരുന്ന പ്രദേശങ്ങളിൽ നിന്നും മണൽ വാരുന്നതിനുള്ള സംവിധാനം

39 [1017] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികൾ കടലിനോട് ചേരുന്ന പ്രദേശങ്ങളിൽ നിന്നും മണൽ വാരുന്നതിന് നിലവിലുള്ള നിയമം എന്താണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ നിന്നും മണൽ വാരുന്നതിന് അനുമതി നൽകുന്നതിനുള്ള അധികാരം ആരിൽ നിക്ഷിപ്തമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധമായി ലഭിക്കുന്ന തുക ആരാണ് ഈടാക്കുന്നത്;

(ഡി) ഇത്തരം ഭാഗങ്ങളിൽ നിന്നും മണൽ വാരുന്നതിന് പോർട്ട് ഓഫീസർമാർ നേരിട്ട് അനുമതി നൽകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ ഇത്തരത്തിൽ അനുമതി നൽകിയിട്ടുണ്ട്;

(എഫ്) ഇപ്രകാരം അനുമതി നൽകുന്നതിന് സർക്കാർ നിയമത്തിൽ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരം ചെയ്തിട്ടുള്ള ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ടിലെ 12 (9) വകുപ്പു പ്രകാരം ഉപ്പുവെള്ളം നദീജലവുമായി കലരാൻ സാദ്ധ്യതയുള്ളിടത്ത് മണൽവാരൽ നടത്താൻ പാടില്ലെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

ഇൻഡ്യൻ പോർട്ട് ആക്ട് സെക്ഷൻ 10 (1) പ്രകാരം അഴിമുഖങ്ങൾ തുറമുഖ പരിധിക്കുള്ളിൽ ഉള്ളതാണെങ്കിൽ അവിടെ നിന്നും തുറമുഖ ചാനൽ സുഗമമാക്കുന്നതിന്റെ ഭാഗമായി മണലുൾപ്പെടെയുള്ള തടസ്സങ്ങൾ നീക്കം ചെയ്യാവുന്നതാണ്.

(ബി) ബന്ധപ്പെട്ട തുറമുഖ കൺസർവേറ്റർമാർക്ക് അധികാരമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly